## 21/05/2019 ന് തൃശ്ശൂർ ജില്ലയിൽ വച്ചു നടന്ന വകുപ്പുതല സംസ്ഥാന ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി (എ.എം.സി) യോഗത്തിന്റെ മിനിട്സ്

യോഗം രാവിലെ 11 മണിക്ക് തൃശ്ശൂർ ജില്ലാ മെഡിക്കൽ ആഫീസിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ചാർജ്ജ് വഹിക്കുന്ന ശ്രീ.അബ്ദുൾ ജബ്ബാർ.ആർ.എച്ച് (സീനിയർ സൂപ്രണ്ട്, ആഡിറ്റ്) ന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. ജില്ലാ മെഡിക്കൽ ആഫീസിലെ ഓഡിറ്റ് ക്ലാർക്കായ രഞ്ജിത്ത്.റ്റി.ജി സ്വാഗതം ആശംസിച്ചു. തൃശ്ശൂർ ജില്ലാ മെഡിക്കൽ ആഫീസിലെ ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ആഫീസർ ഡോ.വി.കെ.മിനി യോഗം ഉദ്ഘാടനം ചെയ്തു.

താഴെ പറയുന്ന ഉദ്യോഗസ്ഥർ യോഗത്തിൽ ഹാജരായി.

| സീരി. നം. | പേര് | തസ്തിക & ഓഫീസ് അഡ്രസ്സ് |
|---|---|---|
| 1 | ശ്രീ. ജെയ് മോഹൻ. എൻ | ഫിനാൻസ് ഓഫീസർ |
| 2 | ഡോ. വി.കെ. മിനി | ഡെപ്യൂട്ടി ഡി.എം.ഒ തൃശ്ശൂർ |
| 3 | ശ്രീ. അശോക് കുമാർ. സി | സീനിയർ സൂപ്രണ്ട്, ഡി.എച്ച്.എസ് ഓഫീസ് |
| 4 | ശ്രീ. അബ്ദുൾ ജബ്ബാർ. ആർ.എച്ച് | സീനിയർ സൂപ്രണ്ട്, ഡി.എം.ഒ (എച്ച്) തൃശ്ശൂർ |
| 5 | ശ്രീ. ദീപ. കെ. വി | സീനിയർ ക്ലാർക്ക്, ഡി.എച്ച്.എസ് ഓഫീസ് |
| 6 | ശ്രീ. രഞ്ജിത്ത്. റ്റി.ജി | സീനിയർ ക്ലാർക്ക്, ഡി.എം.ഒ (എച്ച്) തൃശ്ശൂർ |
| 7 | ശ്രീ. അബ്ദുൾ ഖാദർ | സീനിയർ ക്ലാർക്ക്, ഡി.എം.ഒ (എച്ച്) തൃശ്ശൂർ |
| 8 | ശ്രീമതി. ധന്യ. പി | സീനിയർ ക്ലാർക്ക്, ഡി.എം.ഒ (എച്ച്) വയനാട് |
| 9 | ശ്രീ. ഉണ്ണികൃഷ്ണൻ | സീനിയർ ക്ലാർക്ക്, ഡി.എം.ഒ (എച്ച്) കണ്ണൂർ |
| 10 | ശ്രീ. മുരളീധരൻ. വി.വി | സീനിയർ സൂപ്രണ്ട്, ഡി.എം.ഒ (എച്ച്) കണ്ണൂർ |
| 11 | ശ്രീ. മനോജ് കുമാർ. എൻ | സീനിയർ ക്ലാർക്ക്, ഡി.എം.ഒ (എച്ച്) കണ്ണൂർ |
| 12 | ശ്രീ. ഗിരീഷ് കുമാർ. പി | സീനിയർ സൂപ്രണ്ട്, ഡി.എം.ഒ (എച്ച്) കാസർഗോഡ് |
| 13 | ശ്രീ. അനീഷ് കുമാർ. ആർ.കെ | ക്ലാർക്ക്, ഡി.എം.ഒ (എച്ച്) കാസർഗോഡ് |

927868 GOVERNMENT OF KERALA 2017-18

| | | |
|---|---|---|
| 14 | ശ്രീ. സുനിൽ കുമാർ. കെ.പി | സീനിയർ സൂപ്രണ്ട് (ആഡിറ്റ്), ഡി.എം.ഒ (എച്ച്) കോഴിക്കോട് |
| 15 | ശ്രീ. ഗോപിനാഥൻ | സീനിയർ ക്ലാർക്ക്, ഡി.എം.ഒ (എച്ച്) കോഴിക്കോട് |
| 16 | ശ്രീ. റാഫേൽ. പി.എം | സീനിയർ സൂപ്രണ്ട്, ഡി.എം.ഒ (എച്ച്) ഇടുക്കി |
| 17 | ശ്രീ. റ്റൈറ്റസ്. ബി | ക്ലാർക്ക്, ഡി.എം.ഒ (എച്ച്) ഇടുക്കി |
| 18 | ശ്രീ. ജോൺ ഫിലിപ്പ്. പി | സീനിയർ ക്ലാർക്ക്, സി.എച്ച്.സി |
| 19 | ശ്രീമതി. രേഖ. എസ് | സീനിയർ സൂപ്രണ്ട്, ഡി.എം.ഒ (എച്ച്) ആലപ്പുഴ |
| 20 | ശ്രീ. ഷാഫു മുഹമ്മദ് | ഹെഡ് ക്ലാർക്ക്, ഡി.എം.ഒ(എച്ച്) എറണാകുളം |
| 21 | ശ്രീമതി. ജയശ്രീ. കെ | സീനിയർ ക്ലാർക്ക്, ഡി.എം.ഒ(എച്ച്) എറണാകുളം |
| 22 | ശ്രീ. സലിം മുഹമ്മദ് | ജൂനിയർ സൂപ്രണ്ട് ഡി.എം.ഒ (എച്ച്) പാലക്കാട് |
| 23 | ശ്രീ. ശ്രീധരൻ. കെ.ഇ | സീനിയർ ക്ലാർക്ക്, ഡി.എം.ഒ (എച്ച്) പാലക്കാട് |
| 24 | ശ്രീമതി. ഷൈനി ഫിലിപ്പ് | ജൂനിയർ സൂപ്രണ്ട്, ഡി.എച്ച്.എസ് ഓഫീസ് (ഐ.എ.പി III) |
| 25 | ശ്രീ. മുഹമ്മദ് സഹീർ. പി.എ | ജൂനിയർ സൂപ്രണ്ട്, ഐ.എ.പി II, ഡി.എച്ച്.എസ് |
| 26 | ശ്രീ. ശ്രീകുമാർ. ആർ | ജൂനിയർ സൂപ്രണ്ട്, ഐ.എ.പി I, ഡി.എച്ച്.എസ് |
| 27 | ശ്രീ. സുനിൽ കെ ഫ്രാൻസിസ് | സീനിയർ ക്ലാർക്ക്, ഡി.എം.ഒ (എച്ച്) കോട്ടയം |
| 28 | ശ്രീമതി. ബബിത. സി | ക്ലാർക്ക്, ഡി.എച്ച്.എസ്, [illegible] |
| 29 | ശ്രീ. ശൈലേഷ് ശേഖർ | സീനിയർ ക്ലാർക്ക്, ഡി.എം.ഒ (എച്ച്) വയനാട് |
| 30 | ശ്രീ. ഇ.കെ. കുഞ്ഞനന്ദൻ | സീനിയർ സൂപ്രണ്ട് (ആഡിറ്റ്), ഡി.എം.ഒ (എച്ച്) വയനാട് |
| 31 | ശ്രീ. അമൽ നാഥ്. വി.എസ് | ക്ലാർക്ക്, ഡി.എച്ച്.എസ് |
| 32 | ശ്രീ. ബാജി മോൻ. എസ് | സീനിയർ സൂപ്രണ്ട്, ഡി.എം.ഒ (എച്ച്) കൊല്ലം |
| 33 | ശ്രീ. ജയാനന്ദബോസ്. ആർ | സീനിയർ ക്ലാർക്ക്, ഡി.എം.ഒ (എച്ച്) കൊല്ലം |
| 34 | ശ്രീ. പി.എസ്. രമേഷ് ബാബു | സീനിയർ സൂപ്രണ്ട്, ഡി.എം.ഒ (എച്ച്) കോട്ടയം |
| 35 | ശ്രീ. മുഹമ്മദ് അഷ്റഫ് | ജൂനിയർ സൂപ്രണ്ട് ഡി.എം.ഒ (എച്ച്) മലപ്പുറം |

| | | |
|---|---|---|
| 36 | ശ്രീ. വി.എസ്. സലീം | സീനിയർ സൂപ്രണ്ട്, ഡി.എം.ഒ (എച്ച്) പത്തനംതിട്ട |
| 37 | ശ്രീ. അൻസർ. എ | സീനിയർ ക്ലാർക്ക്, ഡി.എച്ച്.എസ് |
| 38 | ശ്രീ. സുരേഷ് കുമാർ. പി | സീനിയർ ക്ലാർക്ക്, ഡി.എച്ച്.എസ് |
| 39 | ശ്രീ. കെ.പി. സതീഷ് കുമാർ | സീനിയർ സൂപ്രണ്ട്, ഡി.എം.ഒ (എച്ച്) തിരുവനന്തപുരം |
| 40 | ശ്രീ. ആർ. ഷാജൻ | സീനിയർ ക്ലാർക്ക്, ഡി.എം.ഒ (എച്ച്) തിരുവനന്തപുരം |
| 41 | ശ്രീ. പി.ജി. കൃഷ്ണകുമാർ | ക്ലാർക്ക് |
| 42 | ശ്രീ. എ.ആർ. ഷൈൻ കുമാർ | ജൂനിയർ സൂപ്രണ്ട് ഡി.എം.ഒ (എച്ച്) തൃശ്ശൂർ |
| 43 | ശ്രീ. സതീഷ്. കെ.എസ് | ജൂനിയർ സൂപ്രണ്ട് ഡി.എം.ഒ (എച്ച്) തൃശ്ശൂർ |
| 44 | ശ്രീ. സുനീഷ് കുമാർ. കെ | സീനിയർ ക്ലാർക്ക് ഡി.എം.ഒ (എച്ച്) പത്തനംതിട്ട |

അദാലത്തിനു ശേഷം കാര്യക്ഷമമായി മറുപടി ലഭിക്കുന്നില്ല എന്നും അത് ഊർജ്ജിതമാക്കണം എന്നും അക്കൗണ്ടന്റ് ജനറലിന്റെ നിർദ്ദേശം അനുസരിച്ച് മറുപടികൾ കൃത്യമായി ലഭ്യമാക്കേണ്ടതാണെന്നും ജയ്മോഹൻ.എൻ, ഫിനാൻസ് ഓഫീസർ അറിയിച്ചു.

ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ ഓഡിറ്റ് വിഭാഗം സീനിയർ സൂപ്രണ്ട് ശ്രീ.അശോക് കുമാർ.സി റിപ്പോർട്ട് അവതരിപ്പിച്ചു.

<u>ശ്രീ.അശോക്കുമാർ.സി</u> : 16/11/2018 കാസർഗോഡ് വച്ച് നടന്ന എ.എം.സി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ അദാലത്തുകൾ എല്ലാ ജില്ലകളിലും ചലനം സൃഷ്ടിക്കാൻ കഴിഞ്ഞുവെങ്കിലും അദാലത്തിൽ പ്രതീക്ഷിച്ചത്ര ഫയലുകൾ വന്നില്ല. ജില്ലാ മെഡിക്കൽ ഓഫീസിലെ ആഡിറ്റ് ഫയലുകളിൽ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്. അദാലത്തിൽ പ്രധാനമായും 21 സ്ഥാപനങ്ങൾ പങ്കെടുത്തില്ല. ഇവരുടെ വിശദീകരണം ആവശ്യപ്പെട്ടിട്ടും വിശദീകരണം വാങ്ങി അയക്കുന്നതിൽ ജില്ലാ മെഡിക്കൽ ഓഫീസർമാർ ശുഷ്കാന്തി കാണിക്കുന്നില്ല. ആയതിനാൽ ഈ വിഷയം സംബന്ധിച്ച് ആരോഗ്യവകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ മീറ്റിംഗ് സംഘടിപ്പിക്കുന്നതാണ്. ഓഡിറ്റ് ഡയറി എസ്.എച്ച്.എസ്.ആർ.സി-യിൽ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതായി അറിയുന്നു. അന്തിമ തീരുമാനം പിന്നീട് അറിയിക്കുന്നതാണ്. ധനകാര്യ (ആഭ്യന്തര പരിശോധനാ വിഭാഗം (സി) വകുപ്പിന്റെ 20/04/2018 2033/2018 നമ്പർ സർക്കുലർ പ്രകാരം 2017-2018

വരെയുളള പെൻഡിംഗ് ഓഡിറ്റുകൾ 31/12/2019 ന് മുമ്പായി പൂർത്തീകരിക്കേണ്ടതും, പരിശോധനകൾ പൂർത്തീകരിച്ച് ധനകാര്യ വകുപ്പിന് റിപ്പോർട്ട് നൽകേണ്ടതുമാണ്. ഇക്കാര്യം എല്ലാ ഓഡിറ്റ് ടീമുകളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നേരത്തെ നടത്തിയ ഓഡിറ്റ് അദാലത്തിന് പുറമേ ലേ സെക്രട്ടറിമാരുടെ മേഖലാ യോഗങ്ങളും വരുന്ന മാസങ്ങളിൽ നടത്താൻ തീരുമാനിച്ചതായി അറിയിക്കുകയുണ്ടായി. കാലപ്പഴക്കം വന്ന ഫയലുകൾ തീർപ്പാക്കുന്നതിന്റെ ഭാഗമായി 2005 വർഷം വരെയുളള ഫയലുകളുടെ അദാലത്ത് നടത്തുവാൻ തീരുമാനിച്ചതായും തീയതി പിന്നീട് അറിയിക്കുമെന്നും അദ്ദേഹം അറിയിച്ചു. കഴിഞ്ഞ അദാലത്തിൽ തിരുവനന്തപുരം മലപ്പുറം ജില്ലകളിൽ നിന്നും കുറച്ചു ഫയലുകൾ മാത്രമാണ് അദാലത്തിൽ സമർപ്പിക്കപ്പെട്ടത്. അതിനാൽ വരുന്ന അദാലത്തിന് മുമ്പ് തന്നെ കഴിയുന്നത്ര ഫയലുകൾ സമർപ്പിക്കുന്നതിലേക്ക് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

നിലവിൽ ഇന്റേണൽ ഓഡിറ്റ് പ്രോഗ്രാമിന്റെ ഓഡിറ്റ് റിപ്പോർട്ടുകൾക്ക് പെരിഫറൽ സ്ഥാപനങ്ങളിലും, ഡി.എം.ഒ ഓഫീസുകളിലും, ഡി.എച്ച്.എസ് - ലും ഒരു ഏകീകരണ സ്വഭാവം കൈവന്നിട്ടുണ്ട്. ഇത് തടസ്സവാദങ്ങൾക്ക് മറുപടി നൽകാനും തടസ്സവാദങ്ങൾ തീർപ്പുകൽപ്പിക്കുവാനും സഹായകരമായിട്ടുണ്ട്. എന്നാൽ നിർഭാഗ്യവശാൽ എ.ജി / എഫ്.ഡബ്ല്യൂ ഓഡിറ്റ് റിപ്പോർട്ടുകളിൽ ആ നേട്ടം കൈവരിക്കാൻ സാധിച്ചിട്ടില്ല. എത്രയും വേഗം ആ നേട്ടം കൈവരിക്കേണ്ടതാണ്. അതിന് വേണ്ടി ജില്ലാ / സംസ്ഥാന തലത്തിൽ നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതാണ്.

സീനിയർ സൂപ്രണ്ടിന്റെ റിപ്പോർട്ട് അവതരണത്തെതുടർന്ന് ഓരോ ജില്ലയിലെയും ഓഡിറ്റ് വിഭാഗം സീനിയർ സൂപ്രണ്ടുമാർ കഴിഞ്ഞ എ.എം.സി യോഗത്തിനു ശേഷം കൈകൊണ്ട നടപടികൾ സംബന്ധിച്ച റിപ്പോർട്ട് അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത അവലോകനത്തോടനുബന്ധിച്ച് ഉയർന്നുവന്ന പ്രധാന അഭിപ്രായങ്ങളും തീരുമാനങ്ങളും ചുവടെ ചേർക്കുന്നു.

<u>കാസർഗോഡ്</u>

ലേ സെക്രട്ടറിമാരുടെ മേഖലാ മീറ്റിംഗ് നടത്തുന്നത് വളരെ നല്ലതാണ്. ജില്ലയിൽ നിന്ന് അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് തടസ്സവാദങ്ങളിന്മേൽ നൽകുന്ന കത്തിന് (അക്കൗണ്ടന്റ് ജനറൽ ഓഫീസിലേക്ക് പോകുന്നതിന്റെ) മറുപടി ഒന്നും തന്നെ ലഭിക്കുന്നില്ല. കൂടാതെ അക്കൗണ്ടന്റ് ജനറലിന്റെ മറുപടി പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസിൽ ക്ലോസ് ചെയ്ത ഫയലുകൾ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ ലൈവ് ആയി നിൽക്കുന്നു.

**കണ്ണൂർ**

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് തടസ്സവാദങ്ങളിന്മേൽ നൽകുന്ന കത്തിന് മറുപടി ഒന്നും തന്നെ ലഭിക്കുന്നില്ല. എഫ്.ഡബ്ല്യൂ തടസ്സവാദങ്ങളിന്മേൽ നൽകുന്ന കത്തിന് മറുപടി ഒന്നും തന്നെ ലഭിക്കുന്നില്ല. ആഡിറ്റ് സൂപ്രണ്ടുമാർ, ക്ലാർക്കുമാർ എന്നിവർക്ക് ഒരു ട്രെയിനിംഗ് ലഭ്യമാക്കണം.

**വയനാട്**

രേഖകൾ ഇല്ലാത്ത പഴയ ഫയലുകൾ, ബില്ലുകൾ (20 വർഷം മുൻപ്) തീർപ്പ് കൽപ്പിക്കാതെ കിടക്കുന്നു. എന്ത് നടപടിയാണ് സ്വീകരിക്കേണ്ടത്.

**കോഴിക്കോട്**

റീജിയണൽ അനലറ്റിക് ലാബിൽ ഉള്ള ആഡിറ്റ് ഫയലുകൾക്ക് മറുപടികൾ ലഭിക്കുന്നില്ല. അക്കൗണ്ടന്റ് ജനറലിന്റെ തടസ്സവാദങ്ങളിന്മേൽ നൽകുന്ന കത്തിന് അക്കൗണ്ടന്റ് ജനറൽ ആഫീസിലേക്ക് അയയ്ക്കുന്നതിന്റെ മറുപടി ഒന്നും തന്നെ ലഭിക്കുന്നില്ല. ഓഡിറ്റ് സൂപ്രണ്ടുമാർക്കും, ക്ലാർക്കിനും ട്രെയിനിംഗ് നൽകണം. സാനിട്ടറി സർട്ടിഫിക്കറ്റിന് ഹെൽത്ത് ഡിപ്പാർട്ട്മെന്റ് ക്യാഷ് വാങ്ങുന്നത് എന്തിനാണ്. വീഡിയോകോൺഫറൻസ് ഗുണകരമല്ലായിരുന്നു.

**എറണാകുളം**

അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് നടത്തി എല്ലാ സ്ഥാപനങ്ങളുടെയും റിപ്പോർട്ട് ഒരുമിച്ചാണ് തരുന്നത്. ഇത് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നു.

**ആലപ്പുഴ**

അക്കൗണ്ടന്റ് ജനറലിന്റെ തടസ്സവാദങ്ങളിന്മേൽ നൽകുന്ന കത്ത് അക്കൗണ്ടന്റ് ജനറൽ ഓഫീസിലേക്ക് അയയ്ക്കുന്നതിന്റെ മറുപടി ഒന്നും തന്നെ ലഭിക്കുന്നില്ല. (അക്കൗണ്ടന്റ് ജനറലിന്റെ തടസ്സവാദങ്ങളിന്മേൽ നൽകുന്ന കത്തിന് മറുപടി ലഭിക്കുന്നില്ല). (പ്രധാനമായും ജനറൽ ആശുപത്രി ആലപ്പുഴ, ജില്ലാ ആശുപത്രി ചെങ്ങന്നൂർ, താലൂക്ക് ആസ്ഥാന ആശുപത്രി തുറവൂർ)

**കൊല്ലം**

കഴിഞ്ഞ മീറ്റിംഗിൽ തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലാ മെഡിക്കൽ ഓഫീസുകളിൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാരുടെ തസ്തിക അപ്ഗ്രേഡ് ചെയ്ത് സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയാക്കാൻ നിർദ്ദേശം വന്നിട്ടുണ്ടെങ്കിലും അതിന് വേണ്ട തുടർനടപടികൾ ഒന്നും തന്നെ ഉണ്ടായിട്ടില്ല. സർക്കാരിന് സാമ്പത്തിക ബാധ്യത വരാതെതന്നെ പൊസ്റ്റുകൾ അപ്ഗ്രേഡ് ചെയ്യാവുന്നതേയുള്ളൂ. ഈ ജില്ലകൾക്ക്

കോർപ്പറേഷൻ പദവി ലഭിക്കുമ്പോൾ സൂപ്രണ്ട് മുതലുള്ള തസ്തികകൾ ഡെപ്യൂട്ടി ഡി.എച്ച്.എസ് - ൽ നിന്നും അഡീഷണൽ ഡി.എച്ച്.എസ് ആയി ഉയർന്നു. എല്ലാ വിഭാഗങ്ങളിലും അധിക തസ്തികകൾ വന്നു. മിനിസ്റ്റീരിയൽ തലത്തിൽ മാത്രം ഒന്നും ഉണ്ടായില്ല. അതിനാൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തിക സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയായി ഉയർത്താൻ വേണ്ട പ്രപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നിന്നും നൽകേണ്ടതാണ്.

ജില്ലാ തലത്തിൽ അദാലത്ത് നടത്തി ഒരു തരത്തിലും റെസ്പോണ്ട് ചെയ്യാത്ത സ്ഥാപനങ്ങൾക്ക് ഡിഒ ലെറ്റർ കൊടുക്കുകയും, ലയബലിറ്റി ഉണ്ടായിട്ടും അടയ്ക്കാതെ സ്ഥാപനം മാറി പോകുന്ന ജീവനക്കാരിൽ നിന്ന് അവരുടെ ശമ്പളം തടഞ്ഞ് വയ്ക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ ജില്ലകളിൽ നടത്തി വരുന്നുണ്ട് എന്നും അറിയിച്ചു.

ജില്ലകളിൽ നിന്ന് അക്കൗണ്ടന്റ് ജനറൽ ആഫീസിലേക്ക് പോകുന്നതിനുള്ള കത്തുകൾ കൃത്യമായി അക്കൗണ്ടന്റ് ജനറൽ ആഫീസിലേക്ക് പോകുന്നില്ല എന്നും ആയതിനുള്ള മറുപടി ജില്ലകളിൽ ലഭിക്കുന്നില്ല എന്നും വ്യക്തമായ പരാതി ഉള്ളതായി അഭിപ്രായപ്പെട്ടു.

വീഡിയോ കോൺഫറൻസ് പ്രയോജനം ചെയ്തിട്ടില്ല. എഫ്.ഡബ്ല്യു. തലത്തിലും ഗൗരവമായ ഫയൽ മറുപടി ഉണ്ടാകണം എന്ന് അഭിപ്രായം ഉണ്ടായി.

**തിരുവനന്തപുരം**

ട്രാൻസ്ഫറായി പോകുന്ന ജീവനക്കാരുടെ ബാദ്ധ്യത അവരുടെ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണം. അക്കൗണ്ട് ജനറലിന്റെ മറുപടിക്ക് ആരോഗ്യവകുപ്പിൽ നിന്ന് യാതൊരു മറുപടിയും ലഭിക്കുന്നില്ല.

തുടർന്ന് പത്തനംതിട്ട, കോട്ടയം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, പാലക്കാട് ജില്ലകളിൽ സൂപ്രണ്ടുമാർ റിപ്പോർട്ടുകൾ അവതരിപ്പിച്ചു.

## തീരുമാനങ്ങൾ

1. ഓഡിറ്റ് ഡയറി സംബന്ധിച്ച് SHSRC - ൽ നിന്നും വിവരം ലഭിച്ച ശേഷം മാത്രമേ ഡി.എച്ച്.എസ് -ൽ നിന്നും തുടർ നടപടി കൈകൊള്ളാൻ കഴിയൂ.

2. സാനിട്ടറി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടിക്രമങ്ങളെ സംബന്ധിച്ച് 06/08/2018 - ൽ പാലക്കാട് വച്ച് നടന്ന എ.എം.സി - യിലെ മിനിട്സിൽ നൽകിയിട്ടുള്ള നടപടിക്രമങ്ങൾ പര്യാപ്തമായതിനാൽ പുതിയ തീരുമാനം ആവശ്യമില്ല.

3. റ്റിആർ 5 കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ (സ്ഥാപനത്തിന് പുറത്ത് കൊണ്ടുപോകുന്നതിന്) 27/02/2019-ലെ മലപ്പുറം എ.എം.സി - യിൽ നൽകിയിട്ടുണ്ട്. പ്രസ്തുത വിവരം ജില്ലകളിലെ എല്ലാ കീഴ്സ്ഥാപനങ്ങളിലും എല്ലാ ജീവനക്കാരിലും എത്തിക്കേണ്ടതാണ്.

4.അക്കൗണ്ടന്റ് ജനറലിന്റെയും ഫാമിലി വെൽഫെയറിന്റെയും പരിശോധനാ റിപ്പോർട്ടുകളിൽ സമയബന്ധിതമായി തുടർനടപടികൾ കൈക്കൊള്ളാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതാണ്.

5. കൺസോളിഡേറ്റഡ് ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച് ബുദ്ധിമുട്ട് ഡി.എച്ച്.എസ് ന്റെ ഡി.ഒ ലെറ്റർ മുഖേന അക്കൗണ്ടന്റ് ജനറലിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ആയത് സംബന്ധച്ച് ആശങ്കകൾ പരിഹരിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളാമെന്ന് അക്കൗണ്ടന്റ് ജനറൽ എന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്.

പി.എച്ച്.സി / സി.എച്ച്.സി തലത്തിലെ ആഡിറ്റ് റിപ്പോർട്ടിനുള്ള മറുപടികൾ ഡി.എം.ഒ യുടെ ശുപാർശയോടെ നേരിട്ട് അക്കൗണ്ടന്റ് ജനറൽ ഓഫീസിലേക്ക് അയയ്ക്കേണ്ടതും, താലൂക്കാശുപത്രി മുതൽ മുകളിലോട്ടുള്ളവ ഡി.എച്ച്.എസ് ന് നൽകേണ്ടതുമാണ്.

6. അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് ഫയലുകൾ സംബന്ധിച്ച് ജില്ലകളിലെ ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ച് നടത്തിയ വീഡിയോ കോൺഫറൻസ് വേണ്ടത്ര പ്രയോജനം ചെയ്തില്ല എന്നും ഏകോപനത്തിലെ പാളിച്ച സംബന്ധിച്ചും വിവിധ പ്രതിനിധികൾ അഭിപ്രായം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ആരോഗ്യവകുപ്പ് ഡയറക്ടറുമായി ചർച്ച ചെയ്ത് ആവശ്യമെങ്കിൽ വിശദമായ ഒരു വീഡിയോ കോൺഫറൻസ് നടത്തുന്നതാണ്. ജില്ലകൾ ബന്ധപ്പെട്ട ഫയൽ വിവരങ്ങൾ ക്രോഡീകരിച്ച് വയ്ക്കേണ്ടതാണ്.

7. എല്ലാ സ്ഥാപനങ്ങളിലെയും ലേ സെക്രട്ടറിമാരെ ഉൾപ്പെടുത്തി കൊണ്ട് 2018, 10-ാം മാസം നടത്തിയ മേഖലാ മീറ്റിംഗ് വിജയകരമാണെന്ന് യോഗം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ജൂൺ മാസം 24, ജൂലൈ മാസം 4 എന്നീ തീയതികളിൽ എറണാകുളം, കോഴിക്കോട് ജില്ലയിൽ വച്ച് മേഖലാ മീറ്റിംഗ് നടത്തുവാൻ തീരുമാനിച്ചു.

അടുത്ത അഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി യോഗം കൊല്ലം ജില്ലയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു.